# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വൈത്തിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡബ്യൂ.വൈ.ഡി/പി1-666/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 30/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈത്തിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/പി1-666/2022 തീയ്യതി: 30/07/2022

## വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഗസ്റ്റ്യൻ ഒ കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 29-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2022 | 29-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

നവാസ് കെ എം , അസി. ഓഡിറ്റ് ഓഫീസർ
ബിന്ദു കെ കെ, അസി. ഓഡിറ്റ് ഓഫീസർ
ഇന്ദു കെ നായർ, സിനിയർ ഗ്രേഡ് ഓഡിറ്റർ
വിപിൻ ചന്ദ്രൻ , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| വി ഉഷാകുമാരി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| വിജേഷ് എം വി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| പി കെ ഇന്ദിര | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുരേഷ് എം ബി | അസി .സെക്രട്ടറി | 01-04-2020 | 23-10-2020 |
| ജയപ്രശാന്ത് സി | അസി .സെക്രട്ടറി ഇൻ ചാർജ് | 24-10-2020 | 01-11-2020 |
| ഷാജി കുമാർ പി ആർ | അസി .സെക്രട്ടറി | 02-11-2020 | 31-03-2021 |
| ഡോ.വി ആർ താര | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഗീത എൻ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 09-10-2020 |
| സുമിത മധുപ്രസാദ് | ഐ സി ഡി എസ് സൂപ്പർവൈസർ | 10-10-2020 | 31-03-2021 |
| ഡോ.ജൂബീന | മെഡിക്കൽ ഓപീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| പി കെ കരീം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രുതി ലക്ഷ്മി പി ജി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| എൽദോ സൈമൺ | അസി. എഞ്ചിനീയർ | 01-04-2020 | 15-10-2020 |
| മനരാജ് | അസി. എഞ്ചിനീയർ | 16-10-2020 | 31-03-2021 |
| ശ്രീലത | വി ഇ ഒ | 01-04-2020 | 31-03-2021 |
| ഡോ.ബിജുല | മെഡിക്കൽ ഓപീസർ ആയുർവേദം | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-1-1 |
| 3 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-1-2 |
| 4 | യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-10 |
| 14 | വാർഷികകണക്കുകൾ തയ്യാറാക്കിയതിൽ അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-11 |
| 15 | ആസ്തികളുടെവിവരം കാലികമല്ല<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-11-1 |
| 16 | ബാങ്ക് അക്കൌണ്ടുകൾ റീകൺസിലിയേഷൻ നടത്തിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-11-2 |

| | | |
|---|---|---|
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ-ഗുണഭോക്താക്കൾ മരണമടഞ്ഞിട്ടും തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു<br>Written By: Vipinchandran.M.T (Auditor, On 26-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-12 |
| 18 | 2020-21സാമ്പത്തിക വർഷം തൊഴിൽ നികുതി -പൊതു അപാകതകൾ-സംബന്ധിച്ച്<br>Written By: Vipinchandran.M.T (Auditor, On 26-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-13 |
| 19 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-14 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-പൊതു അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 29-07-2022) | 1-15 |
| 21 | ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-15-1 |
| 22 | റേഷൻ കടകൾ ലൈസൻസ് എടുക്കാതെയും, തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-15-2 |
| 23 | ഡി.സി.ബി രജിസ്റ്ററും , വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-15-3 |
| 24 | വാടക - രജിസ്റ്ററും , വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-16 |
| 25 | വാടക കുടിശ്ശിക - രജിസ്റ്റർ കാലികമാക്കുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-17 |
| 26 | ചെക്കുകൾ മുഴുവൻ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല<br>Written By: K.K.Bindu (Asst. Audit Officer, On 29-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-18 |
| 27 | അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-19 |
| 28 | ആസ്തിരജിസ്റ്റർ കാലികമാക്കിയതിലെ അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-20 |
| 29 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് -അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-21 |
| 30 | കുടിവെള്ളപദ്ധതികളുടെ പ്രവൃത്തിഫയലുകളിൽ പൂർണ്ണമായ രേഖകൾ ഇല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-22 |
| 31 | മാവേലിപാലം -സോയിൽ ടെസ്റ്റ് & സ്ട്രക്ച്ചറൽ ഡിസൈനിംഗ്-പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ.<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-23 |

| | | |
|---|---|---|
| 32 | ഹെൽത്ത് സെന്റർ റോഡ് ഡ്രൈനേജ്- ടെണ്ടർ കുറവ് വരുത്താത്തതിനാൽ നഷ്ടം<br>Written By: K.K.Bindu (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-24 |
| 33 | ഹെഡ് മാസ്റ്റർ പദ്ധതി നിർവ്വഹണം-അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-25 |
| 34 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-26 |
| 35 | ബഡ്സ് സ്കൂൾ തുടങ്ങുന്നതിനായി അനുവദിച്ച തുക തിരിച്ചടച്ചു<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-27 |
| 36 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി - അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-28 |
| 37 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (ജനറൽ ) , (എസ്.സി)-ഗുണഭോക്തൃവിഹിതം പൂർണ്ണമായും വിനിയോഗിച്ചില്ല<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-28-1 |
| 38 | ഗുണഭോക്തൃവിഹിതം പൂർണ്ണമായും ചെലവഴിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു.<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-28-2 |
| 39 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 29-07-2022) | 1-29 |
| 40 | വീട്ടുവളപ്പിലെ പടുതാക്കുളത്തിലെ മത്സ്യകൃഷി ( 351/21)<br>Written By: Indu K Nair (Senior Grade Auditor, On 28-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-29-1 |
| 41 | ബയോഫ്ലോക്ക് മത്സ്യകൃഷി (350/21)<br>Written By: Indu K Nair (Senior Grade Auditor, On 29-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 1-29-2 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Abhijith P (Computer Assistant, On 30-07-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.M.Navaz (Asst. Audit Officer, On 27-07-2022)<br>Last Updated By: Abhijith P (Computer Assistant, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 20-21 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2020-21 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 4518121 | 29031892 |
| വരവ് | 17,37,49,881 | 14,75,31,608 |
| ആകെ | 17,82,68,002 | 17,65,63,500 |
| ചെലവ് | 17,58,26,666 | 17,23,63,500 |
| നീക്കിബാക്കി | 24,41,336 | 42,00,000 |
| തീരുമാനം നമ്പർ/തീയതി | 1/1/30.03.20 | 2/1/18.02.21 |

### 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവ്രഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് സെക്രട്ടറിക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2020-21 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നിർവഹണോദ്യോഗസ്ഥരോട് വിവരങ്ങൾ ആവശ്യപ്പെട്ടതായി കാണുന്നില്ല. നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗം വിളിച്ച വിവരങ്ങളോ ,അവലോകന/കൂടിയാലോചനാവിവരങ്ങളോ ഫയലിൽ ഇല്ല.

സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.ബഡ്ജറ്റ് തയ്യാറാക്കിയതിന്റെ യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല .വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ

ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബഡ്ജറ്റുകൾ അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

### 1-1-3 യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റും യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

പ്രതീക്ഷിത വരവുചെലവുകളുടെ ആറുകോടി രൂപയിൽ കൂടുതൽ വ്യത്യാസത്തിലാണ് യഥാർത്ഥ വരവുചെലവുകൾ.

| ഇനം | ബഡ്ജറ്റ് പ്രകാരം | വാർഷികകണക്കപ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 173749881 | 106425748 | 67324133 |
| ചെലവ് | 175826666 | 113208691 | 62617975 |

വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15.05.2021 | 14.09.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29031892 |
| വരവ് | 106425748 |
| ആകെ | 135457640 |
| ചെലവ് | 113208691 |
| നീക്കിയിരിപ്പ് | 22248949 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് / അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | NIL | 12307432 | 12307432 | 11900821 | 406611 |
| വികസന ഫണ്ട് (എസ്.സി.പി) | NIL | 8223846 | 8223846 | 7581512 | 642334 |
| വികസന ഫണ്ട് (ടി.എസ്.പി) | NIL | 4021039 | 4021039 | 2800436 | 1220603 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് (റോഡ്) | | NIL | 4705000 | 4705000 | 4705000 | 0 |
| മെയിന്റനൻസ് (റോഡിതരം) | | NIL | 3456681 | 3456681 | 3044132 | 412549 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | Basic | NIL | 9291795 | 9291795 | 6081358 | 3210437 |
| | Tied | NIL | 4720000 | 4720000 | 2449766 | 2270234 |
| കെ.എൽ.എസ്.ജി.ഡി.പി | | NIL | NIL | NIL | NIL | NIL |
| ജനറൽ പർപ്പസ് ഗ്രാൻറ് | | NIL | 8525000 | 8525000 | 8525000 | 0 |

മേൽ കണക്കുകളിൽ ജനറൽ പർപ്പസ് ഗ്രാൻറ് സംബന്ധിച്ച കണക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീ-കരിച്ച പ്രോജക്ടു-കളുടെ ശതമാനം |
|---|---|---|---|---|---|---|
| 362 | 217156221 | 251 | 70988543 | 0 | 111 | 69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 185200.55 | 1674909.45 | 1860110 | 1858241 | 1869 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25161210 | 25161210 | 25161210 | 0 |
| മെറ്റീരിയൽസ് | 0 | 1655654 | 1655654 | 1655654 | 0 |

മേൽ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

## 1-7 ക്ഷേമ പദ്ധതികൾ

### 6. ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ചെലവഴിച്ച തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 6840 | 10 |
| കർഷക തൊഴിലാളി പെൻഷൻ | 4421500 | 186 |
| വിധവ പെൻഷൻ | 18664100 | 816 |
| വാർദ്ധക്യ കാല പെൻഷൻ | 28039800 | 1273 |
| വികലാംഗ പെൻഷൻ | 4821000 | 207 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/7/22 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5430 /-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനും രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തി.

1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കുന്നതിനും പഞ്ചായത്ത് ശ്രദ്ധ ചെലുത്തി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/06/2022 To 10/06/2022 | 01/04/2021 മുതൽ 31.03.2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2018 | 2013/14 മുതൽ 2017/18 വരെ | 24/10/2018 |

## 1-11 വാർഷികകണക്കുകൾ തയ്യാറാക്കിയതിൽ അപാകതകൾ

14.09.21- ന് ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകൾ ILGMS സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്.വാർഷികകണക്കുകളും ILGMS സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ 47 പ്രവൃത്തികളുടെ 9334483 രൂപ കൊടുത്തുതീർക്കാൻ ബാക്കിയുണ്ട്.കൃഷി ഓഫീസർ,മെഡിക്കൽ ഓഫീസർ,അസിസ്റ്റന്റ് സെക്രട്ടറി,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പദ്ധതികളുടെ തുകകളാണ് കൊടുത്തുതീർക്കാനുള്ളത്.ആയത് വാർഷികകണക്കിൽ കാണിച്ചിട്ടില്ല.

2.അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

3.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വാർഷികകണക്കുകൾ പ്രകാരം 196810 രൂപ വരവുണ്ട്.

4.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.വാർഷികകണക്കുകൾ പ്രകാരം 687727 രൂപ വരവുണ്ട്.

5.തൊഴിൽ നികുതിയിനത്തിൽ വാർഷികകണക്കുകളും രജിസ്റ്ററിലെ വരവും പൊരുത്തപ്പെടുന്നില്ല.

| രജിസ്റ്റർപ്രകാരം<br>കളക്ഷൻ | AFS പ്രകാരം<br>കളക്ഷൻ |
|---|---|
| 5506330 | 3589930 |

6.ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടോട്ടൽ സാനിറ്റേഷൻ,പശ്ചിമഘട്ടവികസനപദ്ധതി , ഐ.സി.ഡി.എസ്.സാക്ഷരത ശുചിത്വ മിഷൻ തുടങ്ങിയ ഒരു ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

7. മുൻവർഷത്തെ AFS പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.

8.RP 7 ൽ ഉൾപ്പെടുന്ന 160100652,160100101,160100102 എന്നീ ഹെഡുകളിലെ വരവുകൾ ഒത്തുനോക്കുവാനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

9.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിൽ മാത്രം 31.03.21 ന് ₹7,22,207/ രൂപ നീക്കിയിരിപ്പുണ്ട്.( കാനറാ ബാങ്ക്, അക്കൌണ്ട് നമ്പർ 0358101072655)

10.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

11.വാർഷികകണക്കുകളിൽ RP 45-ൽ Receivables For Water Charges എന്ന ഹെഡിലെ തുക 1393633 എന്താണെന്ന് വ്യക്തമല്ല. രേഖകൾ ഹാജരിക്കിയിട്ടില്ല.

12.വാർഷികകണക്കുകളിൽ RP 35-ൽ Prior Period Item എന്ന ഹെഡിലെ തുക -1098758 എന്താണെന്ന് വ്യക്തമല്ല. രേഖകൾ ഹാജരിക്കിയിട്ടില്ല.12.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കൊടുത്തുതീർക്കാനുള്ള നീക്കിയിരിപ്പ് 2735161രൂപയാണ് .എന്നാൽ B7 ഷെഡ്യൂൾ പ്രകാരം കൊടുത്തുതീർക്കാനുള്ള ഡെപ്പോസിറ്റ് 2604457രൂപയാണ് വ്യത്യാസം വിശദീകരിച്ചിട്ടില്ല.

13.വസ്തുനികുതി വരവ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷികകണക്ക് പ്രകാരം വരവ് | ഡി.സി.ബി പത്രികപ്രകാരം വരവ് | വ്യത്യാസം |
|---|---|---|
| 15112902 | 15770813 | 657911 |

പഞ്ചായത്തിൽ റസീപ്റ്റ് ചെയ്യാതെ സഞ്ചയസോഫ്റ്റ് വെയറിൽ തുകകൾ വരവ് വെച്ചതിനാലാണ് വ്യത്യാസം എന്നാണ് പഞ്ചായത്ത് വിശദീകരിച്ചത് .ഇത് തെറ്റായ നടപടിയാണ്.

## 1-11-1 ആസ്തികളുടെവിവരം കാലികമല്ല

ആസ്തി രജിസ്റ്റർ 2020-21 വരെ കാലികമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തിയിട്ടില്ല.ആസ്തിരജിസ്റ്ററിലെ രേഖപ്പെടുത്തലുകൾക്ക് വ്യക്തതയില്ല.. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

## 1-11-2 ബാങ്ക് അക്കൌണ്ടുകൾ റീകൺസിലിയേഷൻ നടത്തിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

1.മൂന്ന് മാസത്തിലധികമായി പണമായി മാറാത്ത ചെക്കുകളുടെ തുക ബാധ്യത ശീർഷകത്തിൽ(Stale Cheque) രേഖപ്പെടുത്തിയിട്ടില്ല.

S.B.I (ചുണ്ടേൽ)AC.no.67396366976 ൽ മൂന്ന് ചെക്കുകകളും

KGB(വൈത്തിരി) AC.no 40130100107492ൽ 24 ചെക്കുകളും മൂന്ന് മാസത്തിന് മുൻപ് നൽകിയതാണ്.ഇവയുടെ തുക Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2.KGB(വൈത്തിരി) AC.no 40130100107492ൽ റീകൺസിലിയേഷനിൽ Cheques Deposited But Not Cleared എന്ന്

കാണിച്ചിരിക്കുന്ന പല ചെക്കുകളും ഇനിയും അക്കൌണ്ടിൽ വരവ് വന്നിട്ടില്ല.

3.താഴെപ്പറയുന്ന അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ബാങ്ക് | അക്കൌണ്ട് നമ്പർ |
|---|---|
| കാനറാബാങ്ക് | 358101080777 |
| കേരള ഗ്രാമീണബാങ്ക് | 40130101017636 |

4.താഴെപ്പറയുന്ന അക്കൊണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

| ബാങ്ക് | അക്കൌണ്ട് നമ്പർ |
|---|---|
| കാനറാബാങ്ക് | 0358101073840 |
| കേരള ഗ്രാമീണബാങ്ക് | 40130100108280 |
| സബ്ട്രഷറി വൈത്തിരി | 799011400005893 |
| സബ്ട്രഷറി വൈത്തിരി | 799012900000130 |
| മറ്റ് സഹകരണബാങ്ക് | 1003002419 |
| ജില്ലാസഹകരണബാങ്ക് | 130181201000001 |

ഓഡിറ്റ് എൻക്വയറി.നം.17 /20-21തീയതി 23.07.22പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തി.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്. ഖ.1-18 കൂടി കാണുക.

## 1-12 സാമൂഹ്യ സുരക്ഷാ പെൻഷൻ-ഗുണഭോക്താക്കൾ മരണമടഞ്ഞിട്ടും തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു

വൈത്തിരി ഗ്രാമപഞ്ചായത്തിലെ പെൻഷൻവിതരണവുമായി ബന്ധപ്പെട്ട് സേവനസോഫ്റ്റ്വെയറിലെ വിവരങ്ങളും മരണരജിസ്ട്രേഷൻ വിവരങ്ങളും പരിശോധിച്ചതിൽ നിന്ന് ഗുണഭോക്താക്കൾക്ക് മരണശേഷം പെൻഷൻ വിതരണം ചെയ്തതായി കാണുന്നു.

പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകുന്ന രീതിയിൽ പെൻഷൻ ലഭിച്ച് വന്നിരുന്ന ഗുണഭോക്താക്കൾക്കും മരണശേഷം പെൻഷൻ തുക അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുള്ളതായി കാണുന്നു.വിശദാംശങ്ങൾ താഴെ നൽകുന്നു.

ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്ര. നം | പേര് | ഇനം | പെൻഷണർ ഐ.ഡി | ആധാർ നമ്പർ | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം തുക പെൻഷൻ കൈമാറിയ അവസാന തീയതി | കാലയളവ് | തുക |
|---|---|---|---|---|---|---|---|---|
| 1 | കോമളവല്ലി | ഇന്ദിരാ-ഗാന്ധി ദേശീയ വാർദ്ധ-ക്യകാല പെൻഷൻ | 110880201059 | 860563162159 | 01/01/2020 | 2020 സെപ്റ്റംബർ | 2020 ഫെബ്രുവരി മുതൽ 2020 സെപ്റ്റംബർ വരേ | 12000 രൂപ അനർഹമായി നൽകി |
| 2 | അബൂബക്കർ ടി | ഡിസബി-ലിറ്റി പെൻഷൻ സ്കീം -ശാരീരികം | 110880400176 | 419994295748 | 4/02/2020 | 2022 ജൂൺ | 2020 മാർച്ച് മുതൽ 2022 ജൂൺ വരേ | 43500 രൂപ അനർഹമായി നൽകി |
| 3 | ഹംസ | ഇന്ദിരാ-ഗാന്ധി ദേശീയ വാർദ്ധ- | 110880200502 | 497831555787 | 7/06/2020 | 2020 സെപ്റ്റംബർ | 2020 ജൂലൈ മുതൽ 2020 സെപ്റ്റംബർ | 4500 രൂപ അനർഹമായി നൽകി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ക്യകാല പെൻഷൻ | | | | | വരേ | |
| 4 | സോമൻ. പി.കെ | ഇന്ദിരാ- ഗാന്ധി ദേശീയ വാർദ്ധ- ക്യകാല പെൻഷൻ | 112830200817 | 359419292522 | 22/06/2020 | 2022 ജ്രൂൺ | 2020 ജൂലൈ മുതൽ 2022 ജ്രൂൺ വരേ | 37500 രൂപ അനർഹമായി നൽകി |
| 5 | സൂപ്പി എൻ | ഇന്ദിരാ- ഗാന്ധി ദേശീയ വാർദ്ധ- ക്യകാല പെൻഷൻ | 110890202183 | 736167673247 | 17/12/2021 | 2022 ജ്രൂൺ | 2021 ജനവരി മുതൽ 2022 ജ്രൂൺ വരേ | 26900 രൂപ അനർഹമായി നൽകി |
| ആകെ | | | | | | | | 124400 |

ക്ഷേമ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71 /2017പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ 23.09.2020 ലെ ധനകാര്യ വകുപ്പ് ഉത്തരവ് സ.ഉ(എം.എസ്) നം. 97/2020 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും , പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും , പെൻഷണർ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽനിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിലുള്ള പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യത്തിൽ,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻഡേറ്റാബേസിൽ നിന്നും അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല. പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും പഞ്ചായത്തിൽ അറിയിക്കുന്നില്ല.

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ 23.07.2022 ലെ 13ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല .

മേൽ ലിസ്റ്റ് പ്രകാരമുള്ള ആളുകളുടെയും 2018 ന ശേഷം നഗരസഭയിൽ അറുപത് വയസ്സ് പൂർത്തിയായതിനുശേഷം മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്ത ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ടവരുടെയും വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തി അനർഹരായവർക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്ന പെൻഷൻ ഉടനടി റദ്ദ് ചെയ്യേണ്ടതും അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

സേവനസോഫ്റ്റ് വെയറിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആയത് പെൻഷൻ വിതരണവുമായി ഓട്ടോമാറ്റിക് ആയി ബന്ധപ്പെടേണ്ടതും പെൻഷൻ നിലക്കാനുള്ള ഓപ്ഷൻ വരേണ്ടതുമാണ്.എങ്കിൽ മാത്രമേ മരണമടഞ്ഞവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ക്രഡിറ്റ് ചെയ്യപ്പെടുന്നത് തടയാനാകൂ.പെൻഷൻ വിതരണത്തിലെ അപാകതകൾക്ക് മേൽ പരാമർശിച്ച സേവനസോഫ്റ്റ് വെയറിലെ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ് .ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 2020-21സാമ്പത്തിക വർഷം തൊഴിൽ നികുതി -പൊതു അപാകതകൾ- സംബന്ധിച്ച്

2020-21 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്.എന്നാൽ 2020-21 സാമ്പത്തിക വർഷം വൈത്തിരി ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | വ്യക്തി | ഒന്നും രണ്ടും അർദ്ധവർഷം |
|---|---|---|
| 1 | നൗഷാദ് എ | 2500 |
| 2 | അബ്ദുള്ള .എം.കെ | 2500 |
| 3 | ജേക്കബ് എം.സി | 2500 |
| 4 | റൂബൻ രാജ് | 2500 |
| 5 | ബെന്നി.പി | 2500 |
| 6 | ജി.അബ്രഹാം | 2500 |
| 7 | മജീദ്.പി. | 2500 |
| 8 | ഷിഹാബ് .കെ.കെ. | 2500 |
| 9 | വിനോദ് വർഗീസ് | 2500 |
| 10 | കെ.മുഹമ്മദ് കുഞ്ഞ് | 2500 |
| 11 | റോബിൻസൺ | 2500 |
| 12 | ഉബൈദ്.പി | 2500 |
| 13 | ജോഷി .എ.വി | 2500 |
| 14 | മുബഷീർ മുബാറക്ക് | 2500 |
| 15 | സിദ്ദീക്ക് കെ.കെ. | 2500 |
| 16 | രവിചന്ദ്രൻ | 2500 |
| 17 | ഗംഗാധരൻ കെ | 2500 |
| 18 | അബ്ദുൾ സലാം .എം.പി | 2500 |
| 19 | അബ്ദുൾ ഖാദർ | 2500 |
| 20 | സി.വി ജോഷി | 2500 |
| 21 | അബ്ദുൽ കരീം | 2500 |
| 22 | ആൻഡ്രൂ | 2500 |
| 23 | വി.പി.സൈദലവി | 2500 |
| 24 | സോമൻ | 2500 |
| 25 | എം.കെ.അബ്ദുള്ള | 2500 |
| 26 | കെ.പി.സജീർ | 2500 |
| 27 | ലാൽ ജിയമാനവൽ | 2500 |
| 28 | പി.ടി.തോമസ് | 2500 |
| 29 | എം.സുരേഷ് | 2500 |
| 30 | അബ്ദുൾ ഗഫൂർ | 2500 |
| 31 | പി.എ.മുഹമ്മദ് | 2500 |
| 32 | പ്രജേഷ് | 2500 |
| ആകെ | | 80000 |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്ന് തുക ഈടാക്കുകയോ അഥവാ അവർ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാൻ നൽകിയ 23.07.2022 ലെ 9ാം

നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

2) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റിലുണ്ടായിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2020-21 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി രണ്ട് അർദ്ധ വർഷവും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഹാരിസ് ഹോട്ടൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | വി.കെ.സാൻഡ്സ് | ഒന്നും രണ്ടും അർദ്ധവർഷം |

3)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2020-21 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വൈത്തിരി ഗ്രീൻസ് റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ലക്കിടി വില്ലേജ് റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷം |

4)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 3 പ്രകാരമുള്ള പട്ടിക 1 ൽ 149ാമത് ഇനമായി റീട്ടെയിൽ റേഷൻ ഡിപ്പോകൾ ഉൾപ്പെട്ടിട്ടുണ്ട്.22/01/2019ാം തീയതിയിലെ (സി.എസ്.)എ 9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ തൊഴിൽ നികുതി ലൈസൻസ് എന്നിവയിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടറും വ്യക്തമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

മേൽ അപാകതൾ ചൂണ്ടിക്കാണിച്ച് നൽകിയ 23.07.2022 ലെ 9ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

## 1-14 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല.

ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകൾ ILGMS സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്. ILGMS സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.തദ്ദേശ സ്ഥാപന സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ് വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്ര, സകർമ്മ, സുലേഖ, സ്ഥാപന തുടങ്ങി 17 സോഫ്റ്റ് വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) എന്ന സോഫ്റ്റ് വെയർ വൈത്തിരിഗ്രാമ പഞ്ചായത്തിൽ 24.09.20 മുതൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ILGMSലേക്ക് മാറുന്നതിന് മുന്നോടിയായി സാംഖ്യയിൽ Reconciliation,web Snkhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെയുള്ള നടപടികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. 01.04.2020 തീയതിയിലെ സാംഖ്യ അക്കൗണ്ടിലെ ഓപ്പണിംഗ് ബാലൻസ് ഐ.എൽ.ജി.എം.എസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.പഞ്ചായത്തിൽ ILGMS തുടങ്ങുന്നത് വരെയുള്ള കണക്കുകൾ തയ്യാറാക്കി Initial Balance Sheet Setting,Receipt & Payment Porting ,Income & Expenditure Porting,Balance Sheet Cross Checking എന്നീ നടപടികൾ പൂർത്തീകരിച്ചതിന്റെയോ Past Data Entry നടത്തിയതിന്റെയോ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. സേവന സോഫ്റ്റ് വെയറിലെ പെൻഷൻ വിവരങ്ങൾ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ്

ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.

4. മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാണ്. എന്നാൽ മാന്വൽ രശീത് ബുക്കുകളുടെ സ്റ്റോക്ക് ഐ.എൽ.ജി.എം.എസിൽ രേഖപ്പെടുത്തിയിട്ടില്ല. മാന്വൽ രശീത് ബുക്കുകൾ ജീവനക്കാർക്ക് നൽകുമ്പോൾ പ്രസ്തുത രശീത് ബുക്കുകളുടെ വിവരം മാത്രം സ്റ്റോക്ക് ആയി ഉൾപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്. ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർത്തിട്ടില്ല. ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

5. Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ ലഭ്യമാക്കിയിട്ടില്ല.

6. ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവു വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു. കേ.പ.രാ.അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 18(2) പ്രകാരം പിരിച്ചെടുക്കുന്ന തുക അന്നേ ദിവസം തന്നെ ബാങ്ക് ബുക്ക്/ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

7. ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ യഥാസമയം പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ വരവ് വരുന്നില്ല.IKM Gateway വഴി Bulk ആയി വരുന്ന തുകകൾ റീകൺസിലിയേഷൻ ചെയ്യാൻ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു.ഓരോ രശീത് മുഖേന പിരിക്കുന്ന തുകകൾ ആ രീതിയിൽ തന്നെ പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നെങ്കിൽ മാത്രമേ റീകൺസിലിയേഷൻ സുഗമമാകൂ.01.04.22 മുതൽ Bulk ആയി ലഭിച്ച തുകകൾ ഇതുവരെയും റീകൺസിലിയേഷൻ നടത്താൻ കഴിഞ്ഞിട്ടില്ല.

8. പേയ്മെന്റ് ഓർഡർ ലിസ്റ്റ്,പേയ്മെന്റ് വൌച്ചർ ലിസ്റ്റ്,എന്നിവ ലഭ്യമല്ല.ഏതെങ്കിലും ഒരു മാസം നൽകിയ പേയ്മെന്റുകളുടെവിവരം അറിയുന്നതിന് പേയ്മെന്റ് വൌച്ചർ ലിസ്റ്റ് ഇല്ലാത്തതിനാൽ മാനുവൽ ഫയൽ സൂക്ഷിക്കാത്തതിനാൽ നിർവാഹമില്ല.വൌച്ചർലിസ്റ്റിൽ നിന്നും അതാത് ഫയലിലേക്ക് പോകാൻ ലിങ്ക് നൽകിയാൽ മാത്രമേ പരിശോധന നടത്താൻ കഴിയുകയുള്ളൂ.ILGMS പേപ്പർലെസ്സ് കൺസപ്റ്റ് ആയതിനാൽ പേയ്മെന്റ് ഓർഡർ ലിസ്റ്റ് ഇല്ലാതെ പേയ്മെന്റ് അപ്രൂവ് ചെയ്യുന്നതിന് മാനുവൽ ലിസ്റ്റ് സൂക്ഷിക്കേണ്ടിയും വരുന്നു.

9. Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10. Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11. ഐ.എൽ.ജി.എം.എസിൽ നിലവിൽ ഫയൽ സൈസ് 1.m.b ആണ്.അതുകൊണ്ട് തന്നെ വലിയ ഫയലുകൾ സ്കാൻ ചെയ്ത് കയറ്റാൻസാധ്യമല്ല.

12. ഐ.എൽ.ജി.എം.എസിൽ 31.03.21 ലെ റീകൺസിലിയേഷൻ വിവരങ്ങൾ പരിശോധിച്ചതിൽ ILGMS-ൽ ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമല്ല.

13. ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവിധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

14.സ്റ്റോക്ക് രജിസ്റ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും ILGMS-ൽ ലഭ്യമല്ല .

15. ന്യൂനത ഫയലുകൾ അപേക്ഷകൻ പുനർ സമർപ്പിക്കുമ്പോൾ തപാൽ സ്വീകരിക്കുന്നതിനുള്ള മൈനർ ഫംഗ്ഷൻ ഇല്ല.

ഉദാഹരണമായി ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിൽ പരിശോധന നടത്തുമ്പോൾ ബിൽഡിംഗ് റഗുലറൈസ് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുമ്പോൾ Regularisation Fee യുടെ ഹെഡ് ലഭ്യമല്ല.

16. സിറ്റിസൺ പോർട്ടൽ വഴി വരുന്ന സിവിൽ രജിസ്ട്രേഷൻ അപേക്ഷകൾ റിട്ടേൺ ചെയ്യാനുള്ള ഓപ്ഷൻ നിലവിലില്ല.

17.റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിനെ വരവുചെലവ് കണക്കുകളാക്കായി ആശ്രയിക്കാൻ കഴിയാത്ത സാഹചര്യം ആണ് നിലവിൽ ഉള്ളത്.പ്ലാൻ ഫണ്ടിൽ നിന്നുള്ള പദ്ധതി റവന്യൂചെലവുകളുടെ രേഖപ്പെടുത്തലുകൾമാത്രമേ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വരുന്നുള്ളൂ.തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ റവന്യൂചെലവ് വിവരങ്ങൾ 3501009999 (Other Creditors Control Account) എന്ന പേയ്മെന്റ് ഹെഡിലാണ് ചെലവ്

കാണുന്നത്.കൂടാതെ തനതുഫണ്ടിന്റെ റവന്യൂചെലവ് വിവരങ്ങൾ അറിയുന്നതിന് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് നോക്കേണ്ടിയും വരുന്നു.അഡ്വാൻസ് നൽകുന്നതും ലയബിലിറ്റി ഹെഡിൽനിന്നുമുള്ള പേയ്മെന്റുകളും 3501009999 ഹെഡിൽ വരുന്നതിനാൽ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വിവരങ്ങൾ ലഭ്യമല്ല.

18.ഓഡിറ്റിന് ഹാജരാക്കിയ വാർഷികകണക്കുകളിൽ Schedule 40(b) പ്രകാരം ബാലൻസ് ഉള്ള താഴെപ്പറയുന്ന അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 0 ആണ് കാണിക്കുന്നത്.

| ബാങ്ക് | അക്കൌണ്ട് നമ്പർ | വാർഷികകണക്കിലെ നീക്കിയിരിപ്പ് | ILGMS ലെ നീക്കിയിരിപ്പ്. |
|---|---|---|---|
| K.G.B | 40130100108280 | 2401824 | 0 |
| Canara Bank | 358101073840 | 813 | 0 |
| K.G.B | 40130101017636 | 106132 | 0 |

19.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.

ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,പേഴ്സണൽ രജിസ്റ്റർ,സ്റ്റാറ്റസ് റിപ്പോർട്ട്,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല.

20.തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധാനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.ഡേ ബുക്ക് റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

22.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല.

23.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ നിലവിൽ ലഭ്യമല്ല.

24.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

25.വിവിധ വാണിജ്യ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകിയവരുടെയും പുതുക്കി നൽകിയവരുടെയും വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

26.തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി

നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

27.സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

28. കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല.

29.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

30.സേവനസോഫ്റ്റ് വെയറിൽ മരണം രജിസ്റ്റർ ചെയ്യുന്നത് എവിടെയാണെങ്കിലും ആയത് ILGMS മായി ലിങ്ക് ചെയ്യപ്പെടേണ്ടതുണ്ട്.സേവനസോഫ്റ്റ് വെയറിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആയത് പെൻഷൻ വിതരണവുമായി ഓട്ടോമാറ്റിക് അപ്ഡേഷൻ നടക്കേണ്ടതും പെൻഷൻ നിലക്കാനുള്ള ഓപ്ഷൻ വരേണ്ടതുമാണ്.എങ്കിൽ മാത്രമേ മരണമടഞ്ഞവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ക്രഡിറ്റ് ചെയ്യപ്പെടുന്ന അപാകതക്ക് പരിഹാരമാകൂ.

31.വാർഷികകണക്കുകളിലെ വരവും ചെലവും പൊരുത്തപ്പെടുന്നില്ല.വരവ് 135457640 രൂപയും ചെലവ് 135454571 രൂപയുമാണ്.ഇത് ശരിയല്ല. വരവും ചെലവും തുല്യമാകേണ്ടതായിരുന്നു.

ഓഡിറ്റ് എൻക്വയറി.നം.19/20-21 തീയതി 25.07.22 പ്രകാരം വിവരങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-പൊതു അപാകതകൾ

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

### 1-15-1 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 ൽ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/20-21/ 25.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ എല്ലാ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും ഫീസ് ഒടുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

### 1-15-2 റേഷൻ കടകൾ ലൈസൻസ് എടുക്കാതെയും, തൊഴിൽ നികുതി ഒടുക്കാതെയും

പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.വൈത്തിരി താലൂക്ക് സപ്ലൈ ഓഫീസറുടെ 21.12.2017 ലെ ഡി.1645/17-ാം നമ്പർ കത്ത് പ്രകാരം 7 റേഷൻ കടകൾ ഉള്ളതായി പരാമർശിച്ചിട്ടുണ്ട്. (പ്രസ്തുത കെട്ടിടങ്ങളിൽ 3 റേഷൻ കടകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നമ്പറുകളാണ് ലഭ്യമായിട്ടുള്ളത് )

| ക്രമ നം. | എ.ആർ.ഡി. നമ്പർ | സ്ഥലം | ലൈസൻസി | കെട്ടിട നമ്പർ |
|---|---|---|---|---|
| 1 | 10 | തളിപ്പുഴ | കെ ശിവദാസൻ | 7/273 |
| 2 | 11 | വൈത്തിരി | ആർ പളനിസ്വാമി | 14/378 |
| 3 | 12 | ചുണ്ടേൽ | എ.കെ അസൈൻ | 3/466 |
| 4 | 13 | ചുണ്ടേൽ | കെ കെ നാരായണൻ നായർ | ലഭ്യമാക്കിയിട്ടില്ല |
| 5 | 32 | വൈത്തിരി | പി രാമചന്ദ്രൻ | ലഭ്യമാക്കിയിട്ടില്ല |
| 6 | 35 | ചുണ്ടേൽ | പി രത്നവല്ലി | ലഭ്യമാക്കിയിട്ടില്ല |
| 7 | 80 | പഴയ വൈത്തിരി | സി രാമചന്ദ്രൻ | ലഭ്യമാക്കിയിട്ടില്ല |

പഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/20-21/ 25.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

2017 ൽ റേഷൻകടകളുടെ ലിസ്റ്റ് ലഭ്യമായിട്ടും നാളിതു വരെയായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിനെതിരെ തുടർ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

1-15-3 ഡി.സി.ബി രജിസ്റ്ററും , വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

ഡി.സി.ബി രജിസ്റ്ററും , വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ഡിമാന്റ് | 187600 | 186800 |
| കളക്ഷൻ | 187600 | 183900<br>( അഡ്വാൻസ് - 100400<br>തൻവർഷം - 83500) |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/20-21/25.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടി ഹാജരാക്കേണ്ടതും പഞ്ചായത്തിന്റെ വരവിനങ്ങളുടെ കൃത്യത ഉറപ്പു വരുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വാടക - രജിസ്റ്ററും , വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

വാടക ഇനത്തിലെ ലെ ഡി.സി.ബി യിൽ രജിസ്റ്ററും , വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

| വാടക (തൻവർഷം) | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ഡിമാന്റ് | 1273284 | 1256489 |
| കളക്ഷൻ | 1212379 | 1186178 |
| ബാലൻസ് | 60905 | 51173 |

ഇത്തരത്തിൽ ഡി.സി.ബി യിൽ വ്യത്യാസം വന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മറുപടി ഹാജരാക്കേണ്ടതും,പഞ്ചായത്തിന്റെ വരവിനങ്ങളുടെ കൃത്യത ഉറപ്പു വരുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വാടക കുടിശ്ശിക - രജിസ്റ്റർ കാലികമാക്കുന്നില്ല

വാർഷിക കണക്ക് പ്രകാരം വാടക കുടിശ്ശികയിനത്തിൽ ചുവടെ കൊടുക്കുന്ന തരത്തിൽ ഡിമാന്റ് , കളക്ഷൻ, ബാലൻസുണ്ട്.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 208879 | 184594 | 24285 |

വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. മാത്രമല്ല 2020-21 വർഷത്തെ വാടക കുടിശ്ശിയിനത്തിലെ ഡി.സി.ബി സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഡിമാന്റ് , കളക്ഷൻ , ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.കൂടാതെ ഈടാക്കാനാവശ്യപ്പെട്ട തുകകൾ കാലഹരണപ്പെട്ടോയെന്ന് വ്യക്തമല്ല. വാടക കുടിശ്ശികയിനത്തിലുള്ള ഡിമാന്റ് ,കളക്ഷൻ, ബാലൻസ് എന്നിവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/20-21/26.07.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്.രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 ചെക്കുകൾ മുഴുവൻ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല

തനത് ഫണ്ട് അക്കൗണ്ടിന്റെ ( കേരള ഗ്രാമീൺ ബാങ്ക്) മാർച്ച് 2021 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം 88,190/- രൂപ Cheques Deposited But Not Collected എന്നയിനത്തിൽ കാണുന്നു. ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിലും മേൽ പരാമർശിച്ച ചെക്കുകൾ ഉൾപ്പെട്ടിട്ടില്ല. റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വൗച്ചർ നം | ഇൻസ്ട്രുമെന്റ് നം | വ്യക്തി/സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 1200100133 | 1233 | തഹസിൽദാർ വൈത്തിരി താലൂക്ക് | 59000 |

| | | | | |
|---|---|---|---|---|
| 2 | 1200100134 | 1111 | തഹസിൽദാർ വൈത്തിരി താലൂക്ക് | 6250 |
| 3 | 1200102572 | 111111 | അസിറ്റന്റ് എഞ്ചിനീയർ ,<br>പി.ഡബ്ള്യൂ.ഡി | 19728 |
| 4 | 1200102573 | 111111 | അസിറ്റന്റ് എഞ്ചിനീയർ ,<br>പി.ഡബ്ള്യൂ.ഡി | 143 |
| 5 | 1200000001 | Nil | ബി.എസ്.എൻ.എൽ | 3069 |
| ആകെ | | | | 88190/- |

പ്രസ്തുത തുക കളക്ഷനാക്കിയതിന്റെ വിശദാംശങ്ങൾ, പ്രസ്തുത തുക ഏതിനത്തിലെയാണ് ഉടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം15 തീയതി 23.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.തീയതി ലഭ്യമാകാത്തതിനാൽ ചെക്കിന്റെ സാധുത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടുണ്ടെങ്കിൽ ടി വിവരം ഓഡിറ്റിനെ അറിയിക്കുകയും ക്രെഡിറ്റ് ആവാത്ത ചെക്കുകൾ നല്കിയവർക്കെതിരെ നിയമ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-19 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

അസി.എഞ്ചിനീയറുടെപേരിൽ, കാനറാ ബാങ്ക് , വൈത്തിരി ബ്രാഞ്ചിൽ ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ ILGMS അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പ്ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്കിൽ ഇത് സംബന്ധിച്ച കൃത്യമായി രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2021 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | 0358101072655<br>കാനറാ ബാങ്ക് | ₹7,22,207/- |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാന്റ് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ ഈ അക്കൌണ്ടിൽ നിന്നുള്ള വരവുചെലവുകൾ ക്യാഷ്ബുക്കിലോ , അനെക്സർ ബി - V ലുള്ള രജിസ്റ്ററിലോ രേഖപ്പെടുത്തിവെച്ചിട്ടില്ല.ആയതിനാൽ ഈ അക്കൌണ്ടിൽ നിന്നുള്ള ഇടപാടുകളുടെ വിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ അക്കൌണ്ട് സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല.ഓഡിറ്റ് എൻക്വയറി.നം. 8/20-21 തീയതി 22.07.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ നിലവിൽ ബാക്കിയുള്ള തുക തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ അക്കൌണ്ടിൽ നിന്നുള്ള ഇടപാടുകൾ സംബന്ധിച്ച് പരിശോധന നടത്തേണ്ടതും വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ആസ്തിരജിസ്റ്റർ കാലികമാക്കിയതിലെ അപാകതകൾ

അസി.എഞ്ചിനീയർ തൻവർഷം പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണത്തിനും ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനും പ്രോജക്ട് നടപ്പാക്കിയതിൽ അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ -300/21

പ്രോജക്ട്-പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണം

നിർവഹണം-അസി.എഞ്ചിനീയർ

ചെലവ്-300000

വൌച്ചർ നമ്പർ-06/03/17.03.21

ഫണ്ട്-തനതുഫണ്ട്

ടെണ്ടർ പ്രകാരം സി.വി.ജോയ് എന്നയാളെയാണ് പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തത്.പ്രോജക്റ്റ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

1. ഗ്രാമസഭയിൽനിന്നും ലഭിച്ച ഫോറങ്ങൾ ആസ്തിരജിസ്റ്ററുമായി പരിശോധിക്കുന്നു
2. സ്ഥലം വിട്ടുതന്ന രേഖ പരിശോധിക്കുകയും ഇല്ലാത്തവ കൈവശക്കാരിൽനിന്നും ലഭ്യമാക്കാനുള്ള നടപടി കൈക്കൊള്ളുന്നു.
3. കൈയേറിയ ആസ്തികൾ തിട്ടപ്പെടുത്തുന്നു
4. ആസ്തികൾ ഡിജിറ്റലൈസേഷനുള്ള നടപടി ആരംഭിക്കുന്നു
5. പഞ്ചായത്ത് ഭരണസമിതി പരിശോധിച്ച തീരുമാനിക്കുന്നു
6. ഉടമസ്ഥത ലഭ്യമല്ലാത്തതിനാൽ ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ പഞ്ചായത്ത് ആസ്തികളായി ചേർക്കുന്നതിന് ആക്ഷേപം സ്വീകരിക്കുന്നു.
7. ഗസറ്റ് നോട്ടിഫിക്കേഷൻ ഇറക്കുന്നു
8. പരാതി സ്വീകരിച്ച് ഹിയറിംഗ് നടത്തുന്നു
9. അന്തിമഗസറ്റ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നു
10. ആസ്തികൾക്ക് പ്രത്യേകനമ്പർ നൽകി ബോർഡ് സ്ഥാപിക്കുന്നു
11. സ്ഥലങ്ങൾ കമ്പിവേലി കെട്ടി സംരക്ഷിക്കുന്നു.
12. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നു.
13. ആസ്തി പുനരുദ്ധാരണത്തിന് പ്രോജക്ടുകൾതയ്യാറാക്കുന്നു.
14. ആസ്തിരജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നു.

ഓഡിറ്റിന് ഹാജരാക്കിയ, കാലികമാക്കിയ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ മേൽപ്രകാരമുള്ള നടപടികൾ പാലിക്കാതെയാണ് ക്വാട്ട് ചെയ്ത മുഴുവൻ തുകയും നൽകിയത് എന്ന് കണ്ടു.കാലികമാക്കിയ ആസ്തിരജിസ്റ്ററിൽ പലതിലും പേരിടാത്ത റോഡ് എന്ന പേരിൽ ആണ് രേഖപ്പെടുത്തലുകൾ കാണുന്നത്.നിർമ്മാണവർഷം ,ആസ്തികളുടെ മൂല്യം തുടങ്ങി ആസ്തികൾ വേർതിരിച്ചറിയാൻ വേണ്ട വിവരങ്ങളൊന്നും ചേർത്തിട്ടില്ല.അതുകൂടാതെ പ്രൊജക്റ്റിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി.നം. 16/20-21തീയതി 23.07.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ പേര് രേഖപ്പെടുത്താത്ത ആസ്തികളുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലാണ് ചേർക്കാത്തത് എന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്.അപാകതകളുടെ വെളിച്ചത്തിൽ 300000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് -അപാകതകൾ

2020-21 വർഷത്തെ പൊതുമരാമത്ത് പ്രവർത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട അപാകതൾ താഴെ പറയുന്നു.

1.ജി.ഒ.(എം.എസ്) 11/2018/LSGD Dtd 29.01.2018ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കേണ്ടതായിരുന്നു.എന്നാൽ ഇത് തയ്യാറാക്കാതെയാണ് പദ്ധതിരൂപീകരണം നടത്തിയിട്ടുള്ളത്.

2)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ പ്രോജക്റ്റ് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോരോന്നും രേഖപ്പെടുത്തി കാണുന്നില്ല.21.12.19 തീയതിയിൽ ആണ് 20-21 വർഷത്തെ പദ്ധതിരൂപീകരണം സംബന്ധിച്ച യോഗം നടന്നിട്ടുള്ളത്.ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.തൻവർഷം നടപ്പാക്കിയ പദ്ധതികളിൽ വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് ഭൂരിഭാഗവും എന്ന് കണ്ടു.2020-21 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഈ യോഗം മാത്രമാണ് നടന്നത് 25.02.20 യോഗത്തിന്റെയും 29.02.20 ലെ വികസനസെമിനാറിന്റെയും തീരുമാനങ്ങൾ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.21.12.19 തീയതിയിലെ യോഗതീരുമാനത്തിൽ പ്രോജക്ടുകളുടെ പേര് അല്ലാതെ മറ്റ് രേഖപ്പെടുത്തലുകൾ ഇല്ല.

3.കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ 21.12.19 തീയതിയിൽ ആണ് 20-21 വർഷത്തെ പദ്ധതിരൂപീകരണം സംബന്ധിച്ച യോഗത്തിൽ ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.തൻവർഷം ഈ മേഖലയിലും നടപ്പാക്കിയ പദ്ധതികളിൽ വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് ഭൂരിഭാഗവും എന്ന് കണ്ടു.2020-21 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഈ യോഗം മാത്രമാണ് നടന്നത് 25.02.20 യോഗത്തിന്റെതീരുമാനങ്ങൾ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തലുകൾ 29.02.20 ലെ വികസനസെമിനാറിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

4)അസി .എഞ്ചിനീയർ ഹാജരാക്കിയ ഫയലുകളിൽ പേജ് നമ്പർ നൽകിയിട്ടില്ല.

5)പ്രവൃത്തികളുടെ കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

6) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 226 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 59എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

8)കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ,മുൻപ് ഈ പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

9).ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

10)അളവുകൾ രേഖപ്പെടുത്തിയ ചില അളവുപുസ്തകങ്ങളിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

11) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12).റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തികളുടെ നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല.ഒരു ഫയലിലും മോണിട്ടറിംഗ് റിപ്പോർട്ട് വെച്ചിട്ടില്ല.

13).പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

14)ടെണ്ടർഫോറങ്ങളിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

15)ടാറിംഗ് പ്രവൃത്തികളുടെ ഫയലുകളിൽ ടാറിന്റെ ഒറിജിനൽ ബിൽ ഇല്ല.

16)പ്രോജക്ട് നമ്പർ 300/21 പ്രകാരം ₹ 3,00,000 ചെലവഴിച്ച് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും പല ആസ്തികളുടെയും വിവരം അതിൽ ഉൾപ്പെടുന്നില്ല.പലതിന്റെയും പേര് രേഖപ്പെടുത്തിയിട്ടില്ല.ആയതുകൊണ്ട് തന്നെ പഞ്ചായത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ആസ്തിയിലാണെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം.7 /20-21 തീയതി .22.07.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ഭാവിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 കുടിവെള്ളപദ്ധതികളുടെ പ്രവൃത്തിഫയലുകളിൽ പൂർണ്ണമായ രേഖകൾ ഇല്ല.

തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന കുടിവെള്ളപദ്ധതിപൂർത്തീകരണപ്രവൃത്തികളുടെ ഫയലുകളിലെ പൂർണ്ണമായ രേഖകൾ പൂർണ്ണമല്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | വൌച്ചർ നമ്പർ/ തീയതി | ചെയ്ത പ്രവൃത്തികൾ | അപാകത |
|---|---|---|---|---|---|---|
| 1 | 271/20 | തൈലക്കുന്ന് നരിക്കോട് മുക്ക് കുടിവെള്ളപദ്ധതി-മോട്ടോർ സ്ഥാപിക്കൽ | 88186 | 24/3/25.03.21 | വൈദ്യുതീകരണവും മോട്ടോർ സ്ഥാപനവും | കുടിവെള്ള പദ്ധതിയുടെ മുൻ അവസ്ഥ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സംബന്ധിച്ചുള്ള റിപ്പോർട്ട് ഫയലിൽ ഇല്ല. മുൻപ് ഇതേ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന വ്യക്തമല്ല. ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ഇല്ല. നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഇല്ല. |
| 2 | 102/20 | വട്ടക്കുണ്ട് ടാങ്ക് പൈപ്പ് ലൈൻ നിർമ്മാണം | 176585 | 10/03/20.03.21 | പൈപ്പ് ലൈൻ സ്ഥാപനം | കുടിവെള്ള പദ്ധതിയുടെ മുൻ അവസ്ഥ സംബന്ധിച്ചുള്ള റിപ്പോർട്ട് ഫയലിൽ ഇല്ല. മുൻപ് ഇതേ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന വ്യക്തമല്ല. ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ഇല്ല. നിലവിലെ അവസ്ഥ സംബബന്ധിച്ച വിവരങ്ങൾ ഇല്ല. |
| 3 | 273/20 | ചുണ്ടേൽ അഞ്ചാം നമ്പർ കുടിവെള്ളപദ്ധതിക്ക് മോട്ടോർ പൈപ്പ് ലൈൻ | 47426 | 04/02/17.02.21 | മോട്ടോർ പൈപ്പ് ലൈൻ സ്ഥാപനം | കുടിവെള്ള പദ്ധതിയുടെ മുൻ അവസ്ഥ സംബന്ധിച്ചുള്ള റിപ്പോർട്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഫയലിൽ ഇല്ല. മുൻപ് ഇതേ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന വ്യക്തമല്ല. ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ഇല്ല. നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഇല്ല. |
| 4 | 262/20 | കോളിച്ചാൽ 16 കുടിവെള്ളപദ്ധതി | 299884 | 7/11/17.11.20 | പൈപ്പ് ലൈൻ സ്ഥാപനം | കുടിവെള്ള പദ്ധതിയുടെ മുൻ അവസ്ഥ സംബന്ധിച്ചുള്ള റിപ്പോർട്ട് ഫയലിൽ ഇല്ല. മുൻപ് ഇതേ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന വ്യക്തമല്ല. ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ ഇല്ല. |

ഓഡിറ്റ് എൻക്വയറി.നം. 18 /20-21തീയതി 23.07.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ക്രമനമ്പർ 2 ഒഴികെയുള്ളവ പ്രവർത്തിക്കുന്നതായും ക്രമനമ്പർ 2 താമസം കൂടാതെ പ്രവർത്തനക്ഷമമാക്കുന്നതാണ് എന്നും മറുപടി നൽകി.മുകളിൽ സൂചിപ്പിച്ച പ്രവൃത്തികളുടെ ഉടമസ്ഥത,മുൻപിലത്തെ അവസ്ഥ എന്നിവ സംബന്ധിച്ച പൂർണ്ണമായവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.രേഖകളുടെ അഭാവത്തിൽ 612081 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മാവേലിപാലം -സോയിൽ ടെസ്റ്റ് & സ്ട്രക്ച്ചറൽ ഡിസൈനിംഗ്-പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ.

മാവേലി പാലം സോയിൽ ടെസ്റ്റ് ,സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ ചെയ്യുന്നതിന് വേണ്ടി തൻവർഷം 5,00,000 രൂപ ക്വട്ടേഷൻപ്രകാരം ചെലവഴിച്ചു.

പ്രോജക്ട് നമ്പർ- 365/21

ക്വട്ടേഷൻ തീയതി-14.08.20

പ്രോജക്ട്-മാവേലിപാലം -സോയിൽ ടെസ്റ്റ് & സ്ട്രക്ച്ചറൽ ഡിസൈനിംഗ്

നിർവഹണം- അസി.എൻജിനീയർ, അടങ്കൽ-₹500000/-

കരാറുകാരൻ -മനുരാജ്

എഗ്രിമെന്റ് നമ്പർ- 02/21/23.08.20

വൌച്ചർ നമ്പർ -CBV No.04/12/15.12.20

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ക്വട്ടേഷൻ തീയതി 14.08.20 നാണ് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്വട്ടേഷൻ വിളിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

2.ക്വട്ടേഷൻ എടുത്ത മനുരാജ് എന്നയാൾ 16.10.20 മുതൽ പഞ്ചായത്തിന്റെ അസി.എഞ്ചിനീയർ ആയി താത്കാലികമായി നിയമിക്കപ്പെടുകയും ഈ പദ്ധതിയുടെതുൾപ്പെടെ നിർവഹണോദ്യഗസ്ഥനായി പ്രവർത്തിക്കുകയും ചെയ്തു.അദ്ദേഹം തന്നെ പദ്ധതിയുടെ അളവ് രേഖപ്പെടുത്തി തുക കൈപ്പറ്റുകയും ചെയ്തു.മറ്റ് യാതൊരു പരിശോധനകളോ ,മോണിട്ടറിംഗോ ഇല്ലാതെയാണ് തുക കൈപ്പറ്റിയത്.

2.പാലം വരുന്നതിന് മുൻപായി നടത്തേണ്ട സോയിൽ ടെസ്റ്റ് & സ്ട്രക്ച്ചറൽ ഡിസൈനിംഗ് പദ്ധതി ആവിഷ്കരിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് അല്ലെങ്കിൽ ആരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല.

3.തയ്യാറാക്കിയ റിപ്പോർട്ടുകൾ പാലം പണി നടത്തുന്ന ഏജൻസിക്ക് കൈമാറിയതായോ,പാലം പണിയുടെ തുടർനടപടികൾ സ്വീകരിച്ചതായോ യാതൊരു രേഖകളും ഹാജരാക്കിയില്ല.

4.പദ്ധതിയുടെ അളവ് രേഖപ്പടുത്തിയത് മേൽപ്പരിശോധന നടത്താതെയാണ് തുക കൈപ്പറ്റിയിരിക്കുന്നത്.

5.ബില്ലിൽ നിന്ന് നികുതികൾ ഈടാക്കിയതായി കാണുന്നില്ല.
6.അഞ്ച് ലക്ഷം രൂപയുടെ അടങ്കലുള്ള പ്രവൃത്തി ടെണ്ടർ നടത്താതെ ക്വട്ടേഷൻ നടത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അധികവിവരങ്ങളും അപാകതകൾക്ക് വിശദീകരണവും ഓഡിറ്റ് എൻക്വയറി.നം. 3 /20-21തീയതി 20.07.22,ഓഡിറ്റ് എൻക്വയറി.നം. 4/20-21തീയതി 20.07.22 എന്നിവ പ്രകാരം ആവശ്യപ്പെട്ടതിന് അന്നത്തെ നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ

“വൈത്തിരി മാവേലി പാലം പുതുക്കിപണിയുന്നതിനായി CMCRD ഫണ്ടിൽനിന്നും 2 കോടി വകയിരുത്തിയതിനാൽ ആണ് പദ്ധതിക്ക് തുക വകയിരുത്തിയതെന്നും ടെണ്ടർ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരമാണ് പ്രോജക്ട് ഏറ്റെടുത്തതെന്നും നിലവിൽ പാലം പണിക്ക് സാങ്കേതികാനുമതി ലഭിച്ചുവെന്നും അറിയിച്ചിട്ടുണ്ട്.”

എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകളോ മേൽ അപാകതകൾക്കുള്ള വിശദീകരണമോ ഓഡിറ്റിന് ഹാജരാക്കിയില്ല.

രേഖകളുടെ അഭാവത്തിൽ 5,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഹെൽത്ത് സെന്റർ റോഡ് ഡ്രൈനേജ്- ടെണ്ടർ കുറവ് വരുത്താത്തതിനാൽ നഷ്ടം

തൻവർഷം നടപ്പാക്കിയഹെൽത്ത് സെന്റർ റോഡ് ഡ്രൈനേജ് പ്രവൃത്തിയുടെ ബില്ലിൽനിന്നും ടെണ്ടർ കുറവ് വരുത്താത്തതിനാൽ 21324 രൂപയുടെ നഷ്ടം.

പ്രോജക്ട് നമ്പർ- 75/20

ടെണ്ടർ തീയതി-04.10.19

പ്രോജക്ട്- ഹെൽത്ത് സെന്റർ റോഡ് ഡ്രൈനേജ്

നിർവഹണം- അസി.എൻജിനീയർ, അടങ്കൽ-₹1,80,000/-

കരാറുകാരൻ -രവിചന്ദ്രൻ.ആർ

എഗ്രിമെന്റ് നമ്പർ- 38/20 Dtd 04.11.19

വൌച്ചർ നമ്പർ -CBV No.03/19/24.09.20

പ്രവർത്തി 12.1 % ടെണ്ടർ കുറവിനാണ് കരാറുകാരൻ ഏറ്റെടുത്തത്.. ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം-157720.96രൂപ. ടെണ്ടർ കുറവ് നടത്താത്തതിനാൽ താഴെപ്പറയുന്ന രീതിയിൽ അധികം തുക നൽകി.

| നൽകിയത് | നൽകാവുന്നത് |
|---|---|
| ആകെ ചെയ്ത<br>പ്രവൃത്തിയുടെ മൂല്യം-157720.96 | ആകെ ചെയ്ത<br>പ്രവൃത്തിയുടെ മൂല്യം-157720.96 |
| കൂട്ടുക<br>12% GST-18926.51 | കുറക്കുക<br>ടെണ്ടർ കുറവ് 12.1 %-19084.23 |
| | കൂട്ടുക<br>12% GST-16636.40 |
| ആകെ-176647.47 | 155273.13 |
| കുറക്കുക<br>IT -1577<br>CWWF -1577 | കുറക്കുക<br>IT -1552<br>CWWF -1552 |
| 173493 | 152169 |
| അധികം നൽകിയത് | 21324 |

ഓഡിറ്റ് എൻക്വയറി.നം. 2 /20-21തീയതി 20.07.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് തുക ട്രഷറിയിൽ തിരിച്ചടച്ചു.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-25 ഹെഡ് മാസ്റ്റർ പദ്ധതി നിർവ്വഹണം-അപാകതകൾ

ഹെഡ് മാസ്റ്റർ പദ്ധതി നിർവ്വഹണം-അപാകതകൾ ചുവടെ ചേർക്കുന്നു

1)

| | | |
|---|---|---|
| പ്രോജക്ട് നം 243/21<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | 332664<br>SCP | 1/20-21/11.4.20 277220<br>3/20-21/28.4.20 55444 |

മേൽ പദ്ധതി പ്രകാരം 12 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 12 ലാപ് ടോപ് വിതരണം ചെയ്ത കെൽട്രോണിൽ നിന്നാണ് ലാപ് ടോപ് വാങ്ങിയത്. ഒരു ലാപ് ടോപിന്റെ വില 27722 രൂപയാണ്.

സബ്സിഡി മാർഗ്ഗരേഖ GO(Ms).22/18/LSGD Dtd 14.2.2018 പട്ടികജാതി -പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്യുന്നതിന് അനുവദനീയമായ കോഴ്സുകൾ ചുവടെ ചേർക്കുന്നു.

ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക് ഡിപ്ലോമ, എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് ( ഡിപ്ലോമ, ബിരുദം,ബിരുദാനന്തരബിരുദം), ചാർട്ടേഡ് അക്കൌണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾ പഠിക്കുന്നവർക്കും സർക്കാർ- എയ്ഡഡ്-സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും ലാപ് ടോപിന് അർഹതയുണ്ട്. മേൽ നിർദ്ദേശങ്ങൾക്കു വ്യത്യസ്തമായി ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര്, വിലാസം | സമർപ്പിച്ച രേഖ പ്രകാരംവിദ്യാർത്ഥി<br>പഠിച്ച കോഴ്സ്, സ്ഥാപനം |
|---|---|
| അജ്ഞന സി<br>D/o ഐസക് മുത്തു,<br>ചോലയിൽ, ചുണ്ടേൽ | മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്<br>വിദ്യാ അക്കാദമി കൽപ്പറ്റ |
| സുസ്മിത രാജ് | പി എസ് സി കോച്ചിംഗ് |

| | |
|---|---|
| D/o രാജൻ<br>രഞ്ജിത് നിവാസ്, ചുണ്ടേൽ | ആസ്പെയർ കോച്ചിംഗ് സെന്റർ<br>കൽപ്പറ്റ |

2)സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നും ലാപ് ടോപ് ലഭിച്ചില്ല എന്ന് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യ പത്രം ഫയലിൽ ഇല്ല.

മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച രണ്ട് ലാപ് ടോപിന്റെ വില 35444 രൂപ തടസ്സപ്പെടുത്തുന്നു

## 1-26 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2020-21 ൽ നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| ക്രമ നം. | പ്രോജക്ട്, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം.,<br>/ ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 16/21<br>ജീവനം പദ്ധതി -വിഹിതം നൽകൽ<br>ജില്ലാ പഞ്ചായത്ത്- വയനാട് | 2,00,000<br>ജനറൽ | 27/20-21/31.3.21 |
| 2 | പ്രോജക്ട് നം 4/21<br>ഐ കെ എം വിഹിതം നൽകൽ<br>ഐ കെ എം, തിരുവനന്തപുരം | 1,00,000<br>വികസനഫണ്ട്<br>ജനറൽ | 9/20-21/20.8.20 |
| 3 | പ്രോജക്ട് നം 207/21<br>കൃഷി ഭവൻ നെപ്പോളിയൻ<br>പൈപ്പ് ലൈൻ എക്സ്റ്റൻഷന്<br>കേരള വാട്ടർ അതോറിറ്റി, ബത്തേരി | തനത് ഫണ്ട്<br>1,00,000 | |
| 5 | പ്രോജക്ട് നം 11/21<br>സ്കൂൾ കുന്ന് കുടിവെള്ള പദ്ധതി<br>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>കേരള വാട്ടർ അതോറിറ്റി, ബത്തേരി | തനത് ഫണ്ട്<br>32000 | |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. ചെലവ് തുക 432000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

## 1-27 ബഡ്സ് സ്കൂൾ തുടങ്ങുന്നതിനായി അനുവദിച്ച തുക തിരിച്ചടച്ചു

വൈത്തിരി ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ തുടങ്ങുന്നതിനായി 2015-16 ൽ 2,00,000 രൂപയും 2018-19സാമ്പത്തിക വർഷം 12,50,000 രൂപ സംസ്ഥാന സർക്കാർ കുടുംബ ശ്രീ ജില്ലാ മിഷൻ

മുഖേന അനുവദിച്ചിരുന്നു.എന്നാൽ മേൽ സ്ഥാപനം തുടങ്ങാൻ സാധിക്കാത്ത സാഹചര്യത്തിൽ കുടുംബ ശ്രീ ജില്ലാ മിഷൻ നിർദ്ദേശമനുസരിച്ച്

ഭരണ സമിതി തീരുമാനം 2/3/ 26.6.20പ്രകാരം 12,50,000 രൂപയും (വൗച്ചർ 22000283/21.12.20) 2,00,000 രൂപയും (വൗച്ചർ 22000157/18.11.20)

കുടുംബ ശ്രീ ജില്ലാ മിഷന് തിരിച്ചുനൽകി.സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് അനുവദിച്ച തുക ചെലവഴിക്കാതെ തിരിച്ചടച്ചത് പഞ്ചായത്ത് ഭരണ സമിതിയുടെ വീഴ്ചയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ താൽപര്യപ്പെടുന്നു.

## 1-28 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി - അപാകതകൾ

നിർവ്വഹണം: വെറ്റിനറി സർജൻ

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് പൊതുവിഭാഗത്തിന് പ്രതിമാസം 100 കി.ഗ്രാം കാലിത്തീറ്റ 50% സബ്സിഡി നിരക്കിലും , പട്ടികജാതി വിഭാഗത്തിന് 75% സബ്സിഡി നിരക്കിലും കാലിത്തീറ്റ വിതരണം ചെയ്യാവുന്നതാണ് . തൻവർഷം നടപ്പാക്കിയ കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതിയിൽ ജനറൽ വിഭാഗത്തിനും, പട്ടികജാതി വിഭാഗത്തിനും കാലിത്തീറ്റ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

## 1-28-1 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (ജനറൽ ) , (എസ്.സി)- ഗുണഭോക്തൃവിഹിതം പൂർണ്ണമായും വിനിയോഗിച്ചില്ല

| | | |
|---|---|---|
| 1 | പദ്ധതി | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (ജനറൽ ) |
| | അടങ്കൽ | 756600 ( Plan) , 756600( Beneficiary Contribution) |
| | ചെലവ് | 747050 /- ( Plan) 730410 ( Beneficiary Contribution) |
| 2 | പദ്ധതി | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (എസ്.സി) |
| | അടങ്കൽ | 151200( Plan) + 37800( Beneficiary Contribution) |
| | ചെലവ് | 125650( Plan)+37800( Beneficiary Contribution) |

കറവ പശുക്കൾക്ക് പ്രതിമാസം 2 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ജനറൽ വിഭാഗത്തിൽ നിന്നും 50% ഗുണഭോക്തൃവിഹിതവും, പട്ടികജാതി വിഭാഗത്തിൽ നിന്നും 25% ഗുണഭോക്തൃവിഹിതവും ഈടാക്കിയാണ് പദ്ധതി നടപ്പാക്കിയത് . തൻവർഷം മേൽ പരാമർശിച്ച രണ്ട് പദ്ധതികൾക്കുമായി ഈടാക്കിയ ഗുണഭോക്തൃവിഹിതം ചുവടെ കൊടുക്കുന്ന തരത്തിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | രസീപ്റ്റ് നമ്പർ / തീയതി | ഒടുക്കിയ തുക |
|---|---|---|
| 1 | 1200100800/G120403 / 30.10.2020 | 126100 |
| 2 | 1200100811/G120403 / 02.11..2020 | 7150 |
| 3 | 1200101351/G120403 / 20.11.2020 | 115700 |
| 4 | 1200101353/G120403 / 20.11.2020 | 17750 |
| 5 | 1200101932/G120403 / 18.12.2020 | 103350 |
| 6 | 1200101999/G120403 / 22.12.2020 | 29900 |
| 7 | 1200103009/G120403 / 15.01.2021 | 94900 |
| 8 | 1200103453/ G120403 / 27.01.2021 | 38350 |
| 9 | 1200104257/ G120403 / 20.02.2021 | 78000 |
| 10 | 1200104467 / G120403 / 24.02.2021 | 54600 |
| 11 | 1200106012/ G120403 / 15.03.2021 | 59657 |
| 12 | 1200106445/ G120403 / 18.03.2021 | 54636 |
| | ആകെ | 780093 |

മേൽ പദ്ധതികളിൽ ചുവടെ കൊടുക്കുന്ന തരത്തിൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | ചെക്ക് നമ്പർ /തുക | ആകെ ചെലവ് |
|---|---|---|---|
| 1 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (ജനറൽ ) | 5017738 / 08.03.2021 – 494700<br>25255/27.03.2021 – 235710 | 730410 |
| 2 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (എസ്.സി ) | 5017738 / 08.03.2021 -28600<br>25265/31.03.2021 - 9200 | 37800 |
| | ആകെ | | 768210 |

കാലിത്തീറ്റ പദ്ധതിക്കായി പിരിച്ചെടുത്ത ₹780093/- രൂപയിൽ ചെലവഴിച്ചത് ₹768210/- രൂപയാണ് . പദ്ധതി

പൂർത്തീകരിച്ചിട്ടും ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത ₹11,883/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. ഗുണഭോക്തൃവിഹിതം ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/ 20-21 / 22.02.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28-2 ഗുണഭോക്തൃവിഹിതം പൂർണ്ണമായും ചെലവഴിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു.

| | |
|---|---|
| പദ്ധതി | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (ജനറൽ ) |
| അടങ്കൽ | 756600 ( Plan) , 756600 ( Beneficiary Contribution) |
| ചെലവ് | 747050 /- ( Plan) , 730410 ( Beneficiary Contribution)<br>ബിൽ നമ്പർ - 5/20-21/08.01.2020- 499700/-<br>6/20-21/08.01.2020 – 96700/-<br>10/20-21/ 12.03.2021 - 150650/<br>ചെക്ക് നമ്പർ - 5017738 / 08.03.2021 – 494700<br>25255/27.03.2021 – 235710 |

കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി (ജനറൽ ) എന്ന പദ്ധതിക്ക് കേരള ഫീഡ്സിൽ നിന്നും ചുവടെ കൊടുക്കുന്ന തരത്തിൽ കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | KFLP1 – 20-21 -029096/ 30.10.2020 | 2,60,000 |
| 2 | KFLP1 – 20-21 – 032267 / 17.11.2020 | 2,39,700 |
| 3 | KFLP1 – 20-21 – 036305/ 15.12.2020 | 2,47,350 |
| 4 | KFLP1 – 20-21 – 040063 / 08.01.2021 | 2,47,350 |
| 5 | KFLP1 – 20-21 – 046129 / 17.12.2021 | 2,41,530 |
| 6 | KFLP1 – 20-21 - 049344/ 10.03.2021 | 2,41,530 |
| | | 14,77,460 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യാവുന്നതാണ്. പദ്ധതിക്ക് ആകെ ചെലവായ 1477460/- രൂപയുടെ 50% (738730/- )പ്ലാൻ ഫണ്ടിൽ നിന്നും 50% ഗുണഭോക്തൃവിഹിതമിനത്തിലും ചെലവഴിക്കേണ്ടതാണ് . എന്നാൽ പ്ലാൻഫണ്ടിൽ നിന്നും ചെലവഴിച്ചത് 747050/ രൂപയാണ് . പ്ലാൻ ഫണ്ടിൽ നിന്നും 8320/- രൂപ (747050 –738730 =8320) അധികം ചെലവഴിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/ 20-21 / 22.02.2022 ) മറുപടി ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം പൂർണ്ണമായും ചെലവഴിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. മറുപടി ഹാജരാക്കുന്നതിലേക്കായി 8320/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-29 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

സ.ഉ(സാധാ)നം.1009/2020/തസ്വഭവ/29.05.2020 പ്രകാരം ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പറുതാ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യ കൃഷി എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

## 1-29-1 വീട്ടുവളപ്പിലെ പടുതാക്കുളത്തിലെ മത്സ്യകൃഷി ( 351/21)

അടങ്കൽ - 1722000

ചെലവ് - 150246

ചെക്ക് നമ്പർ - 25263/30.03.2021

രണ്ട് സെന്റ് വിസ്തീർണ്ണമുള്ള കുളം 40 സെ.മീ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 110സെ.മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125

സെ.മീ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നിർവഹിച്ച് 1000 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് 123000/- രൂപ നൽകാവുന്നതാണ്. പൊതുവിഭാഗത്തിന് ബാധകമായ യൂണിറ്റ് കോസ്റ്റും , സബ്സിഡിയും ചുവടെ കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക് | തദ്ദേശ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | ഗുണഭോക്തൃ വിഹിതം / വായ്പ |
|---|---|---|---|---|
| 123000<br>(1.അടിസ്ഥാന സൗകര്യ വികസനം<br>* കുളം കുഴിക്കൽ - 18400,<br>*പോളിത്തീൻ ഷീറ്റ് ,അനുബന്ധ ഉപകരണങ്ങൾ - 38000,<br>*വാട്ടർ പമ്പ് , വെഞ്ചുറി പമ്പ് - 17600<br>ആകെ - 74000<br>2. പ്രവർത്തന ചെലവ്<br>*മത്സ്യവിത്ത് - 6000<br>*തീറ്റ - 41000<br>*മെഡിസിൻ - 2000<br>ആകെ - 49000 ) | 32800<br>(യൂണിറ്റ് കോസ്റ്റിന്റെ 26.66%%) | 16400<br>(യൂണിറ്റ് കോസ്റ്റിന്റെ 13.34%) | 49200<br>( യൂണിറ്റ് കോസ്റ്റിന്റെ 40%) | 73800<br>( യൂണിറ്റ് കോസ്റ്റിന്റെ 60%) |

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും, ഫിഷറീസ് വകുപ്പിന്റെ വിഹിതവുമടക്കം യൂണിറ്റ് കോസ്റ്റിന്റെ 40% തുക പൊതുവിഭാഗത്തിന് സബ്സിഡിയായി നൽകാവുന്നതാണ്.

പദ്ധതിക്ക് വകയിരുത്തിയത് ഫണ്ടിനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | തുക | ശതമാനം |
|---|---|---|---|
| 1 | തനത് ഫണ്ട് | 182800 | 10.6 |
| 2 | ഗുണഭോക്തൃവിഹിതം | 1033200 | 60 |
| 3 | സംസ്ഥാനാവിഷ്കൃത പരിപാടി | 229600 | 13.333 |
| 4 | ജില്ലാ പഞ്ചായത്ത് | 126400 | 7.34 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 150000 | 8.71 |

തിരഞ്ഞെടുക്കപ്പെട്ട 5 മത്സ്യകർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി 40% തുക നൽകിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിൽ നിന്നും നൽകാവുന്നത് യൂണിറ്റ് കോസ്റ്റിന്റെ 26.66% തുകയാണ്. ആയതിനാൽ തന്നെ സബ്സിഡിയിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നൽകാവുന്ന തുക |
|---|---|---|---|
| 1 | ഫ്ലോറി റാഫേൽ | 28880 | 19249 |
| 2 | അബ്ദു റഹിമാൻ | 30520 | 20339 |
| 3 | സോഫി മാർട്ടിൻ | 30864 | 17903 |
| 4 | സുഹറാബി | 31080 | 20713 |
| 5 | കുഞ്ഞിരാമൻ | 28902 | 19261 |

ഫിഷറീസ് വകുപ്പിൽ നിന്നും , മറ്റ് സ്ഥാപനങ്ങളിൽ നിന്നും സബ്സിഡി നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും, തദ്ദേശ സ്ഥാപനവിഹിതമായി അധികം തുക നൽകിയതിന് വിശദീകരണവും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/20-21/26.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിവിധ സ്ഥാപനങ്ങളിൽ നിന്നും സബ്സിഡി ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ചെലവ് തുക 150246/- തടസ്സത്തിൽ വെക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29-2 ബയോഫ്ലോക്ക് മത്സ്യകൃഷി (350/21)

അടങ്കൽ - 1656000

ചെലവ് - 177402

ചെക്ക് നമ്പർ - 25263/30.03.2021

5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ് ഫോമിൽ 1.2 മീ ഉയരമുള്ളതും 5 മീ വ്യസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550ജി.എസ്.എം കനമുള്ള പി.വി.സി ആവരണം ചെയ്ത എച്ച്.ഡി.സി.പി ഷീറ്റ് വിരിച്ചതിനുശേഷം ടാങ്കിൽ 4-6 സെ.മീ വലുപ്പമുള്ള 1250 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർരേഖ പ്രകാരം ഒരു യൂണിറ്റിന് 138000/- രൂപ നൽകാവുന്നതാണ്. പൊതുവിഭാഗത്തിന് ബാധകമായ യൂണിറ്റ് കോസ്റ്റും , സബ്സിഡിയും ചുവടെ കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക് | തദ്ദേശ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | ഗുണഭോക്തൃ വിഹിതം / വായ്പ |
|---|---|---|---|---|
| 138000<br>(1.അടിസ്ഥാന സൗകര്യ വികസനം<br>* ടാങ്ക് -പി.വി .സി ആവരണം ചെയ്ത എച്ച.ഡി.പി. ഷീറ്റ് വിരിച്ചത്- 35000,<br>*മേൽക്കൂര - 5600,<br>*വൈദ്യുതീകരണം,പമ്പ്,ജനറേറ്റർ- 51400<br>ആകെ -92000<br>2. പ്രവർത്തന ചെലവ്<br>*മത്സ്യവിത്ത് - 10000<br>*തീറ്റ - 23300<br>*മെഡിസിൻ - 12700<br>ആകെ - 46000 ) | 36800 (യൂണിറ്റ് കോസ്റ്റിന്റെ 26.66%%) | 18400 (യൂണിറ്റ് കോസ്റ്റിന്റെ 13.34%) | 55200 (യൂണിറ്റ് കോസ്റ്റിന്റെ 40%) | 82800 (യൂണിറ്റ് കോസ്റ്റിന്റെ 60%) |

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും, ഫിഷറീസ് വകുപ്പിന്റെ വിഹിതവുമടക്കം യൂണിറ്റ് കോസ്റ്റിന്റെ 40%

തുക പൊതുവിഭാഗത്തിന് സബ്സിഡിയായി നൽകാവുന്നതാണ്. പദ്ധതിക്ക് വകയിരുത്തിയത് ഫണ്ടിനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | തുക | ശതമാനം |
|---|---|---|---|
| 1 | തനത് ഫണ്ട് | 218000 | 13.16 |
| 2 | ഗുണഭോക്തൃവിഹിതം | 993600 | 60 |
| 3 | സംസ്ഥാനാവിഷ്കൃത പരിപാടി | 220800 | 13.333 |
| 4 | ജില്ലാ പഞ്ചായത്ത് | 73600 | 4.44 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 150000 | 9.05 |

തിരഞ്ഞെടുക്കപ്പെട്ട 5 മത്സ്യകർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി 40% തുക നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും നൽകാവുന്നത് യൂണിറ്റ് കോസ്റ്റിന്റെ 26.66% തുകയാണ്. ആയതിനാൽ തന്നെ സബ്സിഡിയിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നൽകാവുന്ന തുക (26.666% നിരക്കിൽ) |
|---|---|---|---|
| 1 | റോജി ഫ്രാൻസിസ് | 36326 | 20212 |
| 2 | ഷിബി ആന്റണി | 34249 | 22825 |
| 3 | ശശികല വിജയരാഘവൻ | 36644 | 24424 |
| 4 | ശ്രീകല | 35940 | 23954 |
| 5 | സുബ്രഹ്മണ്യൻ കെ കെ | 34243 | 28823 |

ഫിഷറീസ് വകുപ്പിൽ നിന്നും ,മറ്റ് സ്ഥാപനങ്ങളിൽ നിന്നും സബ്സിഡി നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും , തദ്ദേശ സ്ഥാപനവിഹിതമായി അധികം തുക നൽകിയതിന് വിശദീകരണവും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മറ്റ് സ്ഥാപനങ്ങളിൽ നിന്നും സബ്സിഡി ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ചെലവ് തുക 177402/- തടസ്സത്തിൽ വെക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23/7/2022 മുതൽ 26/7/2022 വരെ | ഈ റിപ്പോർട്ട് അനുബന്ധം -I ആയി ചേർക്കുന്നു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 486000 | ഭിന്നശേഷി സ്കോളർഷിപ്പ് | 486000 | 0 |
| ജില്ലാ പഞ്ചായത്ത് | 620000 | ലൈഫ് മിഷൻ ജനറൽ | 620000 | 0 |
| ജില്ലാ പഞ്ചായത്ത് | 340000 | ലൈഫ് മിഷൻ ജനറൽ (SO) | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 520000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 520000 | 0 |
| ജില്ലാ പഞ്ചായത്ത് | 980000 | ലൈഫ് മിഷൻ SCP (SO) | 980000 | 0 |
| ജില്ലാ പഞ്ചായത്ത് | 1102200 | ലൈഫ് മിഷൻ SCP | 1102200 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | ചുണ്ടവയൽ കുടിവെള്ള പദ്ധതി | 600000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ സ്കൂൾകുന്ന് | | 32000 | 32000 | 0 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കൃഷിഭവൻ | | 100000 | 100000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന വായ്പ | 151/17 Dtd 31/07/2017 | 2093477 | 18773477 | 2122314 | - | 17178810 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 424924 |
| തൻവർഷം നിക്ഷേപിച്ച തുക | NIL |
| ആകെ | 424924 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 424924 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള ബാങ്ക് | 03/06/2013 | | 424924 | 234630/- രൂപയാണ് നിക്ഷേപിച്ചത്. നാളിതുവരെയുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | പലിശയുൾപ്പെടെയുള്ള തുക 424924/- |

## 4-7 ഓഡിറ്റ് റിക്കവറി

| | ഖണ്ഡിക | ഒടുക്കിയ ആളുടെ പേര് | തുക | വൗച്ചർ നമ്പർ |
|---|---|---|---|---|
| ഓഡിറ്റ് റിപ്പോർട്ട് വർഷം 2015-16 | 3-3 | വി.ഉഷാകുമാരി | 1181 | 22000096/ 3.11.2020 (ഹോണറേറിയം വൗച്ചറിൽ നിന്നു അഡിജസ്റ്റ് ചെയ്തത് ) |
| | | യു.സി ഗോപി | 1181 | |
| | | എൽസി ജോർജ്ജ് | 1181 | |
| | | വിജേഷ് എം.വി | 1181 | |
| | | സഫിയ ഒ എ | 1181 | |
| | | പ്രസാദ് കെ | 1181 | |
| | | ഡോളി ജോസ് | 1181 | |
| | | ഷൈനി ദേവസി | 1181 | |
| | | ഷൈനി ഉദയകുമാർ | 1181 | |
| | | മണികണ്ഠൻ | 1181 | |
| | | ബഷീർപൂക്കോടൻ | 1181 | |
| | | ബീന പ്രകാശഅ | 1181 | |
| | | സലീം മേമന | 1181 | |
| | | പി ടി വർഗ്ഗീസ് | 1181 | |
| ആകെ | | | 16534 | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വൈത്തിരി പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016/17 | 2.7 | 2017/18 | 2 | വൈത്തിരി വില്ലേജ് റിസോർട്ടിന് വസ്തുനികുതി ചുമത്തിയതിലെ അപാകതകൾ | കോടതിയിൽ കേസ് നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 106425748 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 113208691 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2215693 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 300000 | മനരാജ് ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 612081 | മനരാജ് ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 500000 | മനരാജ് ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 35444 | പി.കെ കരീം,ഹെഡ്മാസ്റ്റർ |
| 1-26 | 432200 | പി.കെ ഇന്ദിര,സെക്രട്ടറി |

| | | |
|---|---|---|
| 1-28-2 | 8320 | ഡോ. വി.ആർ താര, വെറ്ററിനറി സർജൻ |
| 1-29-1 | 150246 | ആഷിഖ് ,ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-29-2 | 177402 | ആഷിഖ് ,ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | 2215693 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.1-565/15 തിയ്യതി.12/10/15 | |
| 1997-98 | LF(W) P1/109/09 തീയതി 05.02.09 | 67 |
| 1998-99 | LF(W) P3/674/00തീയതി 01/07/19 | 29 |
| 1999-00 | LF(W) P3/84/02തീയതി 01/07/19 | 21 |
| 2000-01 | LF(W) P3/58/05 തീയതി 01/07/19 | 12 |
| 2000-01പ്ലാൻ | LF(W) P3/102/04/03.04.07 | 4 |
| 2001-02 പ്ലാൻ | LF(W) P3/103/04 തീയതി 3.8.06 | 4 |
| 2001-02 | LF(W) P1/254/06 തീയതി 01/07/19 | 8 |
| 2002-03 | LF(W) P1/745/10 തീയതി 01/07/19 | 9 |
| 2004-05 | LF(W) P1/748/10 തീയതി 12.11.10 | 8 |
| 2005-06 | LF(W) P1/699/10 തീയതി 28.10.10 | 13 |
| 2007-08 | LF(W) P1/994/09/തീയതി 01.07.19 | 12 |
| 2008-09 | LF(W) P1/622/10 തീയതി 01.07.19 | 35 |
| 2009-10 | LF(W) P1/299/11 തീയതി 01/07/19 | 31 |
| 2010-11 | LF(W) P1/10/12 തീയതി 01/07/19 | 12 |
| 2011-12 | LF(W) P1/495/13 തീയതി 01/07/19 | 6 |
| 2012-13 | LF(W) P1/824/14 തീയതി 01/07/19 | 2 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-476/15/01/07/19 | 6 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-373/16/01/07/19 | 12 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-809/16/01/07/19 | 11 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-558/17/08/05/19 | 24 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-119/19/14/03/19 | 23 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1755(എ)/2019 തീ 03.02.2020. | 17 |
| 2019-20 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി287/2021 തീ 31.3.2021 | 70 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്